**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3300 — 19.06.2019 ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലാപഞ്ചായത്ത് ഓഫീസിന് മുൻപിലെ ശിലാരൂപനിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ.എ. നെല്ലിക്കുന്ന്** | | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ) | കാസർഗോഡ് ജില്ലാപഞ്ചായത്ത് ഓഫീസിന് മുൻപിൽ സ്ഥാപിച്ചിട്ടുള്ള ശിലാരൂപത്തിന്റെ പണി തുടങ്ങിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ; | എ) | 2006 നവംബറിലാണ് കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിന് മുമ്പിൽ സ്ഥാപിച്ചിട്ടുള്ള ശിലാരൂപത്തിന്റെ പണി തുടങ്ങിയത്. |
| ബി) | ഇത് എത്ര തുകയുടെ പദ്ധതിയാണെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ ; | ബി) | 2006-ലെ എസ്റ്റിമേറ്റ് പ്രകാരം 20 ലക്ഷം രൂപയാണ് ഈ പ്രോജക്ടിനായി വകയിരുത്തിയിരുന്നത്. എന്നാൽ പ്രവൃത്തി പുരോഗമിച്ചു വന്ന ഘട്ടത്തിൽ ടി തുക അപര്യാപ്തമാണെന്ന് കണ്ടതിനാൽ 2017-18 വർഷം 20 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തിയിരുന്നു. ഈ പ്രവൃത്തിയുടെ അടങ്കൽ തുക ഇപ്പോൾ 40 ലക്ഷം രൂപയാണ്. ഇതുവരെ 17,74,451/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | ഇനി എത്ര രൂപ ചെലവഴിക്കേണ്ടി വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | സി) | ഇനി 20 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. |
| ഡി) | പ്രസ്തുത നിർമ്മാണപ്രവൃത്തി നിർത്തി വെച്ചിട്ട് എത്രകാലമായെന്നും പ്രവൃത്തി പുനരാരംഭിക്കാത്തതിന്റെ കാരണവും വ്യക്തമാക്കാമോ; പ്രസ്തുത ശിലാരൂപത്തിന്റെ രൂപകല്പന ആരുടേതാണെന്നും അദ്ദേഹവുമായി ഒപ്പുവെച്ച കരാറിന്റെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ? | ഡി) | 8 വർഷത്തോളമായി പ്രസ്തുത നിർമ്മാണപ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. ശ്രീ. കാനായി കുഞ്ഞിരാമൻ ആണ് ശിൽപ്പനിർമ്മാണം നടത്തുന്നത്. സർക്കാരുമായി ബന്ധപ്പെട്ട ചില നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ശില്പിയായ ശ്രീ. കാനായി കുഞ്ഞിരാമൻ തിരക്കിലാണെന്നാണ് അറിയിച്ചിരുന്നത്. ശില്പിയുമായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് അധികൃതർ നേരിട്ട് ചർച്ച നടത്തുകയും ശില്പി മുന്നോട്ടു വയ്ക്കുന്ന സാദ്ധ്യമായ എല്ലാ വ്യവസ്ഥകളും കാസർഗോഡ് ജില്ലാപഞ്ചായത്ത് പാലിക്കാമെന്ന് ഉറപ്പും നൽകിയിരുന്നു. 2019 ഫെബ്രുവരി മാസം ശിലാരൂപനിർമ്മാണം പൂർത്തി |

| | | |
|---|---|---|
| | | യാക്കാമെന്നാണ് അവസാനമായി അറിയിച്ചിരുന്നത് എങ്കിലും ഇതുവരെയും പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല. കരാർ നമ്പർ ബി1/33 (6A)/08-09 തീയതി 27.02.2009 പ്രകാരം ശില്പി കാനായി കുഞ്ഞിരാമൻ ഒന്നാം കക്ഷി ആയും ജില്ലാ പഞ്ചായത്ത് സെക്രട്ടറി രണ്ടാം കക്ഷി ആയും ഏർപ്പെട്ട കരാർ വ്യവസ്ഥകൾ പ്രകാരം ഒന്നാം കക്ഷി 20 ലക്ഷം രൂപയ്ക്ക് കരാർ തീയതി തൊട്ട് ഒരു വർഷക്കാലാവധിക്ക് ശിലാരൂപനിർമ്മാണം പൂർത്തി യാക്കാമെന്ന ഉറപ്പ് നൽകിയിരുന്നു. കരാറിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം സമയ ബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ ജില്ലാ പഞ്ചായത്തിന് സംഭവിക്കുന്ന എല്ലാ അസൗകര്യ ങ്ങൾക്കും കഷ്ടനഷ്ടങ്ങൾക്കും ഒന്നാം കക്ഷിയായ ശില്പി കാനായി കുഞ്ഞിരാമൻ ഉത്തരവാദിയായിരിക്കുമെന്നും, നൽകിയ തുക 12% പലിശ നിരക്കിൽ തിരിച്ചടക്കേണ്ട തായിരിക്കുമെന്നും കരാർ വ്യവസ്ഥയുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ